<u>പതിനാലാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2201</u>              <u>16/08/2017-ൽ മറുപടിക്ക്</u>

## <u>കേടായ വൈദ്യുതി മീറ്ററുകൾ</u>

| | ചോദ്യം<br><br>ശ്രീ.കെ.എസ്.ശബരീനാഥൻ | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി.വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഉപഭോക്താക്കളുടെ കേടായ വൈദ്യുതി മീറ്ററുകൾ സമയ ബന്ധിതമായി മാറ്റാത്തതിനാൽ ബോർഡിന് പ്രതിമാസം എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടാകുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്; | (എ) | സപ്ലൈക്കോഡ് 2014 പ്രകാരം മീറ്റർ നിലച്ച് പോകുകയോ ഉപഭോഗം രേഖപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ മീറ്റർ കേടാകുന്നതിന് തൊട്ടു മുമ്പുള്ള മൂന്ന് ബില്ലിംഗ് സൈക്കിളിലെ ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ ചെയ്ത് ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ചാർജ് ഈടാക്കി വരുന്നു. മുൻ ശരാശരി കണക്കാക്കാൻ കഴിയാതെ വരുമ്പോൾ മീറ്റർ മാറ്റി വച്ചശേഷം തുടർന്നുള്ള 3 ബില്ലിംഗ് സൈക്കിളിലെ ഉപഭോഗം കണക്കിലെടുത്ത് ബിൽ നൽകി ഉപഭോക്താക്കളിൽ നിന്നും തുക ഈടാക്കുന്നു. മീറ്റർ കേടായ സാഹചര്യങ്ങളിൽ ഇപ്രകാരം ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ ചെയ്യുന്നതിനാൽ ബോർഡിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കുന്നില്ല. |
| (ബി) | കേടായ മീറ്ററുകൾ മാറ്റണമെന്ന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ശിപാർശ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ 2017 ജനുവരിയ്ക്കുശേഷം കേടായ എത്ര മീറ്ററുകൾ മാറ്റി പുതിയവ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) | കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു. 15.56 ലക്ഷം സിംഗിൾ ഫേസ് എനർജി മീറ്ററുകളും 70,000 ത്രീ ഫേസ് മീറ്ററുകളും ബോർഡ് വാങ്ങുകയും, കേടായ മീറ്ററുകൾ ഉടൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം |

| | | | |
|---|---|---|---|
| | | | ഫീൽഡ് ഓഫീസുകളിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 2017 ജനുവരി മുതൽ ജൂലൈ വരെ 6.69 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ